# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 28.04.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാനുമായി കൂടിക്കാഴ്ച നടത്തി.

   **Defence Minister Rajnath Singh met Chief of Defence Staff General Anil Chauhan yesterday to discuss important issues related to military preparedness in response to the Pahalgam terrorist attack.**

2. പാകിസ്ഥാൻ പൗരത്വമുള്ളവർക്ക് രാജ്യം വിടാനുള്ള സമയപരിധി അവസാനിച്ചതോടെ 537 പാക് പൗരന്മാർ ഇന്ത്യയിൽ നിന്ന് മടങ്ങി.

   **537 Pakistani nationals returned from India after the deadline for Pakistani nationals to leave the country expired.**

3. പത്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വിതരണം ചെയ്യും. മലയാളികളുടെ മനസ്സറിഞ്ഞ കഥാകാരൻ എം ടി വാസുദേവന് നായർക്ക് മരണാന്തര ബഹുമതിയായി പത്മവിഭൂഷൺ സമ്മാനിക്കും.

   **The President of India Draupadi Murmu will confer Padma awards today. M. T. Vasudevan Nair, Novelist who knew the hearts of Malayalis, will be awarded the Padma Vibhushan posthumously.**

4. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഇന്ന് ഇടുക്കി ജില്ലാതല യോഗം.

   **Idukki district-level meeting chaired by Chief Minister Pinarayi Vijayan today on the occasion of the fourth anniversary of the state government.**

5. തമിഴ്നാട്ടിൽ മന്ത്രിമാരായ വി. സെന്തിൽ ബാലാജിയും കെ.പൊൻമുടിയും രാജിവെച്ചു.

**In Tamil Nadu, ministers V. Senthil Balaji and K. Ponmudi resigned.**

6. ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാാം വാർഷികാഘോഷങ്ങളുടെ സമാപനം ഇന്ന്.

**The 75th anniversary celebrations of All India Radio Thiruvananthapuram conclude today.**

7. ഐപിഎൽ ക്രിക്കറ്റിൽ മുംബൈയ്ക്കും ബെംഗളൂരുവിനും ജയം.

**Mumbai Indians and Royal Challengers Bengaluru win their respective matches in IPL cricket yesterday.**

&&&&&&&&&&&&&&&&&&&&&

## HEAD LINE – 1

## CDS RAJNATH

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാനുമായി കൂടിക്കാഴ്ച നടത്തി. ഡൽഹിയിലെ പ്രതിരോധ മന്ത്രിയുടെ വസതിയിൽ നടന്ന കൂടിക്കാഴ്ച 40 മിനിറ്റ് നീണ്ടു. ചർച്ചയിൽ ഭീകരത തുടച്ചു നീക്കുന്നതിനുള്ള സൈനിക തന്ത്രത്തെയും തയ്യാറെടുപ്പുകളെയും കുറിച്ച് ജനറൽ ചൗഹാൻ രാജ്യരക്ഷാ മന്ത്രിയെ ധരിപ്പിച്ചതായി പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. അതിർത്തി സുരക്ഷാ സേന ഡയറക്ടർ ജനറൽ ദൽജിത് സിംഗ് ചൗധരി ആഭ്യന്തര മന്ത്രാലയം സന്ദർശിച്ചു.

&&&&&&&&&&&&&&&&&&&&&

## NAVY - MISSILE

ദീർഘദൂര കപ്പൽവേധ മിസൈലുകൾ പരിശീലിച്ച് ഇന്ത്യൻ നാവികസേന. ദീർഘദൂരലക്ഷ്യങ്ങളിൽ കൃത്യമായ പ്രതിരോധമുറപ്പിക്കാനാണ് പരിശീലനം നടത്തിയത്. കൊൽക്കത്ത ക്ലാസ് ഡിസ്ട്രോയറുകളും നിൽഗിരി, ക്രിവാക് ക്ലാസ് ഫ്രിഗേറ്റുകളും ഉൾപ്പെടയുള്ള യുദ്ധക്കപ്പലുകളിൽനിന്നാണ് മിസൈലുകൾ തൊടുത്തത്. രാജ്യത്തിൻറെ സമുദ്ര താത്പര്യങ്ങൾ സംരക്ഷിക്കാൻ സർവ്വസജ്ജമാണെന്ന് നാവികസേന എക്സിൽ

കുറിച്ചു. പരിശീലനം നടത്തുന്നതിൻറെ വീഡിയോ ദൃശ്യങ്ങളും സേന പുറത്തുവിട്ടു.

&&&&&&&&&&&&&&&&&&&&&&

## JK- ASSSEMBLY SESSION- PAHALGAM

ജമ്മു കശ്മീർ നിയമസഭയുടെ പ്രത്യേക സമ്മേളനം ഇന്ന് രാവിലെ 10.30 ന് ചേരും. ഒരു ദിവസത്തെ പ്രത്യേക സമ്മേളനത്തിൽ പഹൽഗാമിൽ വിനോദസഞ്ചാരികൾക്ക് നേരെയുണ്ടായ ഭീകരാക്രമണത്തെ അപലപിക്കുന്ന പ്രമേയം സഭയിൽ അവതരിപ്പിക്കും . ഭീകരാക്രമണത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും ശക്തമായി അപലപിച്ചതിനാൽ പ്രമേയം ഏകകണ്ഠമായി പാസാക്കും.മന്ത്രിസഭാ യോഗത്തിന്റെ അഭ്യർത്ഥന പരിഗണിച്ചാണ് ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

## J AND K CM-PAHALGAM ATTACK

ഭീകരതയ്ക്കും അതിന്റെ പ്രഭവ കേന്ദ്രത്തിനുമെതിരായ നിർണ്ണായക പോരാട്ടത്തെ പിന്തുണയ്ക്കുന്നതായി ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള. നിരപരാധികളായ ആളുകൾക്കെതിരെയുള്ള നിഷ്ഠൂരമായ ആക്രമണങ്ങളിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. ഭീകരതയ്ക്കും നിരപരാധികളുടെ കൊലപാതകത്തിനുമെതിരെ കശ്മീരിലെ ജനങ്ങൾ ശക്തമായി രംഗത്തു വന്ന കാര്യവും ശ്രീ ഒമർ അബ്ദുള്ള ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&&&&&

## HEAD LINE – 2

## PAKISTANI NATIONALS

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഇന്ത്യയിൽ താമസിക്കുന്ന പാകിസ്ഥാൻ പൗരത്വമുള്ളവർക്ക് രാജ്യം വിടാനുള്ള സമയപരിധി അവസാനിച്ചു. ഇന്നലെ രാത്രി 10 വരെയാണ് രാജ്യം വിടാൻ പാക് പൗരന്മാർക്ക് അവസരം നൽകിയിരുന്നത്. ഇതിനകം 537 പാക് പൗരന്മാർ അട്ടാരി അതിർത്തി വഴി മടങ്ങിയെന്നാണ് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നത്. ഇന്നലെ മാത്രം 237

പാക് പൗരൻമാർ മടങ്ങി. അതേസമയം, 1387 ഇന്ത്യക്കാർ പാകിസ്ഥാനിൽ നിന്ന് മടങ്ങിയെത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&

## HEAD LINE – 3

### PREZ PADMA AWARDS (INTRO)

പത്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു വിതരണം ചെയ്യും. വൈകുന്നേരം രാഷ്ട്രപതി ഭവനിലാണ് പുരസ്ക്കാരദാന ചടങ്ങുകൾ.

**ഒരു റിപ്പോർട്ട്.... (വോയ്സ്)**

### PREZ PADMA AWARDS (VOICE)

പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് പുരസ്ക്കാരങ്ങൾ നൽകുന്നത് . കല, സാമൂഹിക പ്രവർത്തനം, ശാസ്ത്രം, എഞ്ചിനീയറിംഗ്, വ്യാപാരം, വ്യവസായം, വൈദ്യം, സാഹിത്യം, വിദ്യാഭ്യാസം, കായികം, സിവിൽ സർവീസ് എന്നിവയുൾപ്പെടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്കാണ് പുരസ്ക്കാരങ്ങൾ നൽകുന്നത്. ഏഴ് പത്മവിഭൂഷൺ, 19 പത്മഭൂഷൺ, 113 പത്മശ്രീ ഉൾപ്പെടെ 139 പുരസ്ക്കാരങ്ങളാണ് ഇത്തവണ സമ്മാനിക്കുന്നത് . കേരളത്തിൽ നിന്നും ശ്രീ എം.ടി. വാസുദേവൻ നായർക്ക് മരണാനന്തര ബഹുമതിയായി പത്മവിഭൂഷണും, ശ്രീ ജോസ് ചാക്കോ പെരിയപ്പുറം, ശ്രീ പി.ആർ. ശ്രീജേഷ് എന്നിവർക്ക് പത്മഭൂഷണും, ശ്രി ഐ എം വിജയൻ, ശ്രീമതി. കെ. ഓമനക്കുട്ടി അമ്മ എന്നിവർക്ക് പത്മശ്രീയും സമ്മാനിക്കും. പ്രശസ്ത ചലച്ചിത്ര നടി ശോഭനയ്ക്ക് പത്മഭൂഷൻ ലഭിക്കും. വയലിനിസ്റ്റും സംഗീതസംവിധായകനുമായ ഡോ. എൽ. സുബ്രഹ്മണ്യം, ഗ്യാസ്ട്രോഎൻട്രോളജിസ്റ്റ് ഡി. നാഗേശ്വർ റെഡ്ഡി, പ്രമുഖ എഡിറ്ററും മുൻ പ്രസാർ ഭാരതി ചെയർമാനുമായ എ. സൂര്യ പ്രകാശ്, സിനിമാ നടന്മാരായ നന്ദമുരി ബാലകൃഷ്ണ, എസ്. അജിത് കുമാർ തുടങ്ങിയവരാണ് പദ്മ പുരസ്ക്കാരങ്ങൾ ലഭിക്കുന്ന മറ്റു പ്രമുഖർ.

**ന്യൂസ് ഡെസ്ക്ക് ആകാശവാണി....**

&&&&&&&&&&&&&&&&&&&&&

## PM MP ACCIDENT

മധ്യപ്രദേശിലെ വാഹനാപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. മധ്യപ്രദേശിലെ മന്ദ്സൗറിൽ ഉണ്ടായ അപകടത്തിൽ അദ്ദേഹം അതീവ ദുഃഖം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&

## HEAD LINE – 6

## AKASAVANI - 75TH ANNIVERSARY

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികാഘോഷങ്ങളുടെ സമാപനം ഇന്ന് വൈകുന്നേരം തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടക്കും. ഉദ്ഘാടനം പ്രശസ്ത ചലച്ചിത്ര സംവിധായകനും, ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി നിർവഹിക്കും. ആൻറണി രാജു എംഎൽ എ അധ്യക്ഷത വഹിക്കും. പരിപാടികൾ വൈകുന്നേരം 3 മണിക്ക് ആരംഭിക്കും. ആകാശവാണിയുടെ ചരിത്രനിമിഷങ്ങളുടെ പ്രദർശനം, മാധ്യമ ചർച്ച, സംഗീത സന്ധ്യ, സമാപന സമ്മേളനം തുടങ്ങിയ പരിപാടികളിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

&&&&&&&&&&&&&&&&&&&&&&

## J.P. NADDA –CANCER

കാൻസർ പരിചരണത്തിൽ ഇന്ത്യ വലിയ പുരോഗതി കൈവരിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡ. നൂതന ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലും നേരത്തെയുള്ള രോഗനിർണ്ണയത്തിലും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും കേന്ദ്ര ആരോഗ്യ മന്ത്രി പറഞ്ഞു. ഇന്ത്യയിലെ 90 ശതമാനം കാൻസർ രോഗികളും രോഗനിർണയം നടത്തി 30 ദിവസത്തിനുള്ളിൽ ചികിത്സ ആരംഭിക്കുന്നുണ്ടെന്ന് അംഗീകൃത മെഡിക്കൽ ജേണലായ 'ദി ലാൻസെറ്റ്' റിപ്പോർട്ട് ഉദ്ധരിച്ച് അദ്ദേഹം വ്യക്തമാക്കി. മഹാരാഷ്ട്രയിലെ ഛത്രപതി സംഭാജിനഗറിൽ അത്യാധുനിക ട്രൂ ബീം യൂണിറ്റിന്റെ ഉദ്ഘാടനത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ നഡ്ഡ.

&&&&&&&&&&&&&&&&&&&&&&

## GOYAL – WORLD HEALTH SUMMIT – (INTRO)

ആരോഗ്യ സംരക്ഷണ വെല്ലുവിളികളെ നേരിടുന്നതിനുള്ള ഇന്ത്യയുടെ സമീപനം ലോകത്തിന് മാതൃകയാകുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന ലോകാരോഗ്യ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആരോഗ്യമുള്ള പൗരന്മാരെ ഉൾപ്പെടുത്തി മാത്രമേ അടുത്ത 25 വർഷത്തിനുള്ളിൽ 30 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയാക്കുക എന്ന രാജ്യത്തിൻറെ സ്വപ്നം പൂർത്തീകരിക്കാനാകൂ എന്നും അദ്ദേഹം പറഞ്ഞു. സർക്കാരിന്റെ ഓരോ പദ്ധതികളും പൗരന്മാരുടെ ആരോഗ്യവും സമഗ്ര വികസനവും മെച്ചപ്പെടുത്തുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതെന്നും ശ്രീ ഗോയൽ അഭിപ്രായപ്പെട്ടു
(വോയിസ്)

&&&&&&&&&&&&&&&&&&&&&

## HEAD LINE – 4

## CM – IDUKKI

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഇടുക്കി ജില്ലാതല യോഗം ഇന്ന് രാവിലെ 10 മുതൽ 12.30 വരെ നെടുങ്കണ്ടത്ത് നടക്കും. നെടുങ്കണ്ടം സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മൈതാനത്തെ വേദിയിലാണ് യോഗം. ജില്ലയിലെ വിവിധ മേഖലകളിൽ നിന്നുള്ള പ്രത്യേക ക്ഷണിതാക്കളായ 500 പേരുമായി മുഖ്യമന്ത്രി സംവദിക്കും. ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ, ഡീൻ കുര്യാക്കോസ് എം.പി.തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&

## FRANCIS – POPE

ഫ്രാൻസിസ് മാർപ്പാപ്പയുടെ

പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിനുള്ള സുപ്രധാന കോൺക്ലേവിന്റെ തിയതി ഇന്ന് പ്രഖ്യാപിച്ചേക്കും . ഇന്ന് നടക്കുന്ന കർദിനാൾമാരുടെ സമ്മേളനത്തിലായിരിക്കും പ്രഖ്യാപനം.

&&&&&&&&&&&&&&&&&&&&&

## HEAD LINE – 5

## TAMILNADU MINISTERS RESIGNED

തമിഴ്നാട്ടിൽ മന്ത്രിമാരായ വി. സെന്തിൽ ബാലാജിയും കെ.പൊൻമുടിയും രാജിവെച്ചു. ഇതേത്തുടർന്ന് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ മന്ത്രിസഭ പുനഃസംഘടിപ്പിച്ചു. ശൈവ-വൈഷ്ണവ വിശ്വാസങ്ങളെക്കുറിച്ചുള്ള പരാമർശത്തിൽ മദ്രാസ് ഹൈക്കോടതി സ്വമേധയാ കേസെടുത്തതാണ് പൊൻമുടിയുടെ രാജിക്ക് കാരണമായത്. അഴിമതി കേസിൽ ജാമ്യം ലഭിച്ച സെന്തിൽ ബാലാജിക്കു സ്ഥാനം ഒഴിയാൻ തിങ്കളാഴ്ച വരെ സുപ്രീംകോടതി സമയം അനുവദിച്ചിരുന്നു

&&&&&&&&&&&&&&&&&&&&&

## WEATHER - KERALA

കേരളത്തിൽ മേയ് 1 വരെ ഒറ്റപ്പെട്ടയിടങ്ങളിൽ മിന്നലോടുകൂടിയ ശക്തമായ മഴയ്ക്കു സാധ്യത. ഇന്നു വിവിധ ജില്ലകളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&&&&

## HEAD LINE – 7

## NT IPL RESULT

ഇന്നലെ നടന്ന ഐപിഎൽ ക്രിക്കറ്റ് മത്സരങ്ങളിൽ മുംബൈ ഇന്ത്യൻസിനും റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനും ജയം. അരുൺ ജെയ്റ്റ്‌ലി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഡൽഹി ക്യാപിറ്റൽസിനെ 6 വിക്കറ്റിന് പരാജയപ്പെടുത്തി. വാങ്കഡെ സ്റ്റേഡിയത്തിൽ നടന്ന മറ്റൊരു മത്സരത്തിൽ മുംബൈ ഇന്ത്യൻസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ 54 റൺസിന് പരാജയപ്പെടുത്തി.

ഇന്ന് നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ രാജസ്ഥാൻ റോയൽസ് ഏറ്റുമുട്ടും.രാത്രി 7:30 നാണു പോരാട്ടം .

&&&&&&&&&&&&&&&&&&&&&

## MORN. ASIAN YOGASANA CHAMPIONSHIP

ഡൽഹിയിൽ നടന്ന ഏഷ്യൻ യോഗാസന സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച് ഇന്ത്യ. 83 സ്വർണ്ണ

മെഡലുകൾ നേടി റെക്കോർഡ് നേട്ടം കൈവരിച്ച ഇന്ത്യ അകെ 87 മെഡലുകൾ നേടി, ചാമ്പ്യൻഷിപ്പിൽ ഒന്നാമതെത്തി. മൂന്ന് സ്വർണ്ണവും മൂന്ന് വെള്ളിയും നാല് വെങ്കലവും നേടിയ ജപ്പാനാണു രണ്ടാം സ്ഥാനത്ത്. ചാമ്പ്യൻഷിപ്പിന്റെ സമാപന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ഹർഷ് മൽഹോത്ര പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&

**MORN. KALINGA CUP**

ഭുവനേശ്വറിലെ ഈ വർഷത്തെ കലിംഗ സൂപ്പർ കപ്പ് ഫുട്ബോളിൽ , ഇന്നലെ കലിംഗ സ്റ്റേഡിയത്തിൽ നടന്ന കളിയിൽ പെനാൽറ്റി ഷൂട്ടൗട്ടിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്സിയെ 5-4 ന് പരാജയപ്പെടുത്തി ജംഷഡ്പൂർ എഫ്സി സെമിഫൈനലിൽ എത്തി. മറ്റെന്നാൾ നടക്കുന്ന സെമി ഫൈനൽ മത്സരത്തിൽ ജംഷഡ്പൂർ എഫ്സി മുംബൈ സിറ്റി എഫ്സിയുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&&&&&

**WAVES – BECIL CHALLENGE, WAVES – INDIAN DIGITAL GAMING SOCIETY**

WAVES 2025 ഉച്ചകോടിയുടെ ഭാഗമായി നടക്കുന്ന ഇന്ത്യ: എ ബേർഡ്സ് ഐ വ്യൂ ചലഞ്ച്" മത്സരത്തിലെ 5 ഫൈനലിസ്റ്റുകളെയും ഹാൻഡ്ഹെൽഡ് ഉപകരണ രൂപകൽപ്പന മത്സരമായ ഇന്നൊവേറ്റ് 2 എഡ്യൂക്കേറ്റിലെ 10 ഫൈനലിസ്റ്റുകളെയും പ്രഖ്യാപിച്ചു . ഇന്ത്യയുടെ സൗന്ദര്യം, വൈവിധ്യമാർന്ന പ്രകൃതിദൃശ്യങ്ങൾ, പൈതൃകം, സംസ്കാരം, പുരോഗതി, തുടങ്ങിയവ വിശദീകരിക്കുന്ന രണ്ടോ മൂന്നോ മിനിറ്റ് ദൈർഘ്യമുള്ള വീഡിയോകൾ ഡ്രോൺ ഛായാഗ്രഹണത്തിലൂടെ എടുക്കുകയാണ് ഇന്ത്യ: എ ബേർഡ്സ് ഐ വ്യൂ ചലഞ്ച്"

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&